സ്വകാര്യ പ്രചരണത്തിനു മാത്രം

വാല്യം 4 ലക്കം 5

സപ്തംബർ 2011

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY

## മാസ്റ്ററുടെ പര്യടനം



### മാസ്റ്ററുടെ മലേഷ്യൻ സന്ദർശനം

**2011 ജൂൺ 22 മുതൽ 27 വരെ**

ജൂൺ 22-ന് ഉച്ചതിരിഞ്ഞ് മാസ്റ്റർ സിംഗപ്പൂരിൽ നിന്നും മലേഷ്യയിൽ എത്തിച്ചേർന്നു. മലേഷ്യയിലെ ക്ലാംഗ് എന്ന സ്ഥലത്ത് പുതിയതായി നിർമ്മിച്ച ആശ്രമം ഉദ്ഘാടനം ചെയ്യുവാനായി അദ്ദേഹം എയർപോർട്ടിൽ നിന്ന് നേരെ ആശ്രമത്തിലേക്ക് പോയി. വളരെ സന്തോഷവാനായി കാണപ്പെട്ട മാസ്റ്റർ അവിടെ സന്നിഹിതരായിരുന്ന 200 ഓളം അഭ്യാസികൾക്ക് ആശംസകൾ നേരുകയും സത്സംഗം നടത്തുകയും ചെയ്തു. ആ രാത്രി അദ്ദേഹം ആശ്രമത്തിൽ താമസിച്ചു. ആശ്രമത്തിൽ നിന്ന് പത്ത് മിനിറ്റ് യാത്ര ചെയ്താൽ എത്തിച്ചേരാവുന്ന പ്രിമിയർ ഹോട്ടലിലായിരുന്നു സെമിനാർ സംഘടിപ്പിച്ചിരുന്നത്. അടുത്ത ദിവസം രാവിലെ അദ്ദേഹം അങ്ങോട്ട് പോയി. ആദ്ദേഹത്തിൻെറ പ്രായം ആവശ്യപ്പെടുന്ന സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന ഒരു ഹോട്ടലിൽ താമസിക്കുന്നത് മൂലമുണ്ടാകുന്ന ശാരീരിക വൈഷമ്യങ്ങൾ എല്ലാം തന്നെ അനുഭവിക്കേണ്ടി വന്നുവെങ്കിലും സെമിനാർ തീരുന്നത് വരെ ഹോട്ടലിൽ തന്നെ തങ്ങാൻ മാസ്റ്റർ തീരുമാനിച്ചു.

23-ന് വൈകുന്നേരത്തെ സത്സംഗം അഞ്ച് മണിക്കാണ് നിശ്ചയിച്ചിരുന്നതെങ്കിലും അഭ്യാസികളെ കാണുവാനും സെമിനാറിൻെറ സജ്ജീകരണങ്ങൾ പരിശോധിക്കുവാനുമായി നാലേകാലോടെ തന്നെ മാസ്റ്റർ ഹാളിൽ സന്നിഹിതനായിരുന്നു. അവിടെയുണ്ടായിരുന്ന എല്ലാവർക്കും ആഹ്ലാദം പകർന്നുകൊണ്ട് എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും മാസ്റ്റർ സത്സംഗം നടത്തി. ലിഫ്റ്റിൽ നിന്ന് ഹാളിലേക്ക് വരുന്നവഴി മാസ്റ്റർ കുട്ടികളെ സ്നേഹത്തോടെ ആശീർവദിക്കുന്നുണ്ടായിരുന്നു. പ്രഭാഷണങ്ങൾ, മീറ്റിംഗുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയാൽ സമ്പന്നമായിരുന്നു സെമിനാർ. 'ഒരു ഹൃദയം, ഒരു മാനവികത' എന്നതായിരുന്നു സെമിനാറിൻെറ ആശയം. സഹോദരന്മാരായ കൃഷ്ണ, സന്തോഷ് കാഞ്ചി, കമലേഷ് പട്ടേൽ, കാമ്പിസ്, സത്ബീർ എന്നിവർ വിവിധ വീക്ഷണകോണുകളിലൂടെ ഈ വിഷയം അവതരിപ്പിച്ചു. ആശയസമ്പുഷ്ടവും ചിന്തോദ്ദീപകവുമായ ഈ സംവാദങ്ങളെല്ലാം മാസ്റ്റർ സശ്രദ്ധം വീക്ഷിച്ചു. മലേഷ്യയിലെ അവസാനത്തെ സത്സംഗം മാസ്റ്റർ ജൂൺ 26-നു ഞായറാഴ്ച്ച രാവിലെ നടത്തി. ആ ദിവസം തന്നെ മലേഷ്യയിലെ എല്ലാ അഭ്യാസികൾക്കും വ്യക്തിഗത സിറ്റിംഗും ഉണ്ടായിരുന്നു. അടുത്ത ദിവസം രാവിലെ (ജൂൺ 27) മാസ്റ്റർ ചെന്നൈയിലേക്ക് മടങ്ങിപ്പോയി.

### ഈ യാത്രയിൽ മാസ്റ്റർ നടത്തിയ അനൗദ്യോഗിക സംഭാഷണങ്ങളിൽ നിന്നും ചില ചിന്തകൾ

- ആളുകളെ ദുരിതത്തിലാഴ്ത്തുന്ന രണ്ട് കാര്യങ്ങളായ ആശങ്കകളും ആശകളും ഒട്ടുമില്ലാത്തത് കാരണമാണ് താൻ എല്ലായ്പ്പോഴും സന്തോഷവാനായിരുക്കുന്നതെന്ന് മാസ്റ്റർ പറഞ്ഞു.
- ആളുകളെ നേരിട്ട് കാണാനുള്ള അദ്ദേഹത്തിൻെറ സമയലഭ്യതയെക്കുറിച്ച് ഒരഭ്യാസി ചോദിച്ചപ്പോൾ മാസ്റ്റർ ഇങ്ങനെ പ്രതിവചിച്ചു- "ഞാൻ എല്ലാത്തിനും സന്നദ്ധനാണ്- എല്ലായ്പ്പോഴും".
- സ്നേഹത്തെക്കുറിച്ച് മനുഷ്യർക്ക് അറിവില്ല എന്ന് ബാബുജി മഹാരാജ് പറഞ്ഞിട്ടുണ്ട്. സൃഷ്ടാവും സൃഷ്ടിയും തമ്മിൽ മാത്രമേ സ്നേഹം സാധ്യമാവുകയുള്ളൂ. സൃഷ്ടികൾ തമ്മിൽ അതൊരിക്കലും സംഭവിക്കുന്നില്ല. സൃഷ്ടികൾക്കിടയിൽ കാണപ്പെടുന്നത് സ്നേഹമെന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന മമതയും പരസ്പരാശ്രയത്വവും മാത്രമാണ്.
- നോവറിയാതെ ഒരാൾക്ക് സ്നേഹിക്കാൻ കഴിയില്ല. സ്നേഹം നോവാണ്. നോവില്ലെങ്കിൽ അവിടെ സ്നേഹവുമില്ല.
- പരമാനന്ദം എന്നത് ഇഹലോകത്തിൻെറ ഭാഗമല്ല. അത് ഒരവസ്ഥയാണ്. ആഹ്ലാദം എന്നത് ഒരവസ്ഥയല്ല മറിച്ച് സുഖം പോലെ ഒരനുഭവമാണ്. ഒരു വ്യക്തിയും അദ്ദേഹത്തിൻെറ സൃഷ്ടാവും തമ്മിലുള്ള പാരസ്പര്യത്തിൻെറ ഒരു സവിശേഷഗുണമാണ് സ്നേഹം. അത് തന്നെയാണ് ഒരമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹബന്ധത്തിലും പ്രകടമാകുന്നത്.





വാല്യം 4 ലക്കം 5 സപ്തംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





## ചെന്നൈ – 27 ജൂൺ – 20 ജൂലൈ, 2011

ധാരാളം അഭ്യാസികൾ മാസ്റ്ററെ ചെന്നൈ വിമാനത്താവളത്തിൽ സ്വീകരിച്ചു. അവിടെ നിന്ന് അദ്ദേഹം നേരെ മണപ്പാക്കം ആശ്രമത്തിലേക്ക് പോയി. തൻെറ കോട്ടേജിലെത്തിയ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "എനിക്കിപ്പോൾ ഊർജ്ജസ്രോതസ്സുമായി ബന്ധം സ്ഥാപിച്ചതുപോലെ തോന്നുന്നു. എന്നിലിപ്പോൾ ഒരു പുതു ഊർജ്ജം നിറഞ്ഞിരിക്കുന്നു.''

ജൂലായ് 1-ന് ഏതാനും വിവാഹങ്ങൾ നടത്താൻ നിശ്ചയിച്ചിരുന്നെങ്കിലും, അതിന് കുറച്ച് ദിവസങ്ങൾക്കു മുൻപ് മാസ്റ്റർ, "ഇന്ന് വല്ല വിവാഹങ്ങൾ നടത്തേണ്ടതായിട്ടുണ്ടോ" എന്ന് ചോദിച്ചു. അന്നല്ല പക്ഷെ വെള്ളിയാഴ്ചയാണെന്ന് ആരോ അദ്ദേഹത്തോട് പറഞ്ഞു. മാസ്റ്റർ അപ്പോൾ ഇങ്ങനെ പറഞ്ഞു, "ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തിയിട്ട് കുറച്ച് ദിവസമായി, അല്ലെ?". തുടർന്ന് ഒരു സത്സംഗം നടത്തുവാൻ താൻ താൽപര്യപ്പെടുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അത് വളരെ പെട്ടെന്നുള്ളൊരു തീരുമാനമായിരുന്നു, തൻെറ പ്രഭാത ജോലികൾ – രണ്ട് പ്രിസപ്റ്റർമാരുടെ നിയമനം, തൻെറ ഇ-മെയിൽ വായന, പ്രാതൽ എന്നിവയുൾപ്പെടെ എല്ലാം പെട്ടെന്ന് തീർത്ത് സത്സംഗത്തിന് തയ്യാറായി. കുറേ കാര്യങ്ങൾ തീർക്കുവാനുള്ളത് കൊണ്ട് തൻെറ കിടപ്പ് മുറിക്കും ഓഫീസിനുമിടക്ക് വളരെ വേഗത്തിൽ അദ്ദേഹം നടന്നത് അത്ഭുതകരമായൊരു കാഴ്ച്ചയായിരുന്നു.

ഒരു പ്രഭാതത്തിൽ ഒരു സഹോദരൻ വന്ന് മാസ്റ്ററോട് തനിക്കൊരു പ്രധാനപ്പെട്ട മീറ്റിംഗിൽ പങ്കെടുക്കുവാനായി പോകേണ്ടതുണ്ടെന്ന് പറഞ്ഞു. അദ്ദേഹത്തോട് നേരത്തെ പുറപ്പെടാൻ ആവശ്യപ്പെട്ട മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "വൈകിയെത്തുന്നതിനേക്കാളും നേരത്തേയെത്തുന്നതിലാണ് എപ്പോഴും വിവേകം".

മാസ്റ്ററെ സന്ദർശിച്ച ഒരു ദമ്പതികൾ തങ്ങൾ ഒരു കുഞ്ഞിനെ ദത്തെടുത്ത വിവരം അദ്ദേഹത്തെ അറിയിച്ചു. ഇത് കേട്ട് അദ്ദേഹം വളരെ സന്തോഷവാനായി. പിന്നീട് ഇങ്ങനെ അഭിപ്രായപ്പെട്ടു, "കുഞ്ഞുങ്ങളെ ദത്തെടുക്കുന്നവരെ എനിക്കിഷ്ടമാണ്. ഈ ലോകത്ത് ആരോരുമില്ലാത്ത എത്ര കുഞ്ഞുങ്ങളാണുള്ളത്, അതിനാൽ ഞാൻ ഇതിനെ പിന്താങ്ങുന്നു. പക്ഷെ ഒരു കാരണവശാലും ആ കുഞ്ഞിനോട് അത് ദത്തെടുക്കപ്പെട്ടതാണെന്ന് പറയരുത്. ഈ ചെറിയ പ്രായത്തിൽ പോലും അത് പറയരുത്, കാരണം അത് ആ കുഞ്ഞ് മനസ്സിൽ ഏതെങ്കിലും തരത്തിൽ പതിഞ്ഞു കിടക്കും. ഇതിനെ നിങ്ങളുടെ സ്വന്തം കുഞ്ഞായി തന്നെ വളർത്തൂ.'' തുടർന്ന് അദ്ദേഹം അവർക്ക് സിറ്റിംഗ് നൽകുകയും അത്രയും നേരത്തേക്ക് ആ കുഞ്ഞിനെ ശ്രദ്ധിക്കുവാൻ ആളുണ്ടെന്ന് ഉറപ്പ്വരുത്തുകയും ചെയ്തു.



## ഗുരുപൂർണ്ണിമ – വെള്ളിയാഴ്ച്ച ജൂലായ് 15, 2011

മാസ്റ്റർ കാലത്ത് വളരെ നേരത്തെ തന്നെ തയ്യാറായിരുന്നു. ആദ്യം അദ്ദേഹം ആശ്രമത്തിൽ പുതിയതായി നിർമ്മിച്ച ആഡിറ്റോറിയം-ഗ്രന്ഥശാല സമുച്ചയത്തിൻെറ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ധ്യാനമന്ദിരത്തിലേക്ക് നീങ്ങിയ അദ്ദേഹം 7 മണിയോടെ തന്നെ സത്സംഗം നടത്തുവാനായി എത്തിച്ചേർന്നു. ധ്യാനമന്ദിരവും അടുത്തുള്ള ഡോർമിറ്ററികളുടെ ടെറസ്സുകളും അഭ്യാസികളാൽ നിറഞ്ഞു കവിഞ്ഞിരുന്നു.

വൈകുന്നേരം സഹോ.ഗണേഷും സഹോ.കുമരേഷും ചേർന്ന് ധ്യാനമന്ദിരത്തിൽ ഒരു വയലിൻ കച്ചേരി അവതരിപ്പിച്ചു. ആദ്യം തൻെറ കോട്ടേജിൽ ടെലിവിഷനിൽ പരിപാടി കണ്ട മാസ്റ്റർ ഗംഭീരവും ഇമ്പമേറിയതുമായ കച്ചേരി മുറുകിയപ്പോൾ, അഭ്യാസികൾക്കും കലാകാരന്മാർക്കും ആഹ്ലാദമേകിക്കൊണ്ട് ധ്യാനമന്ദിരത്തിലേക്ക് വന്നു. പൂർണ്ണനിലാവിൽ അഭ്യാസികളോടൊപ്പം സംഗീതം ആസ്വദിച്ചു കൊണ്ട് മാസ്റ്റർ – എന്നും സ്മരിക്കേണ്ട ഒരു രാവായിരുന്നു അത്. ഒരു പുണ്യദിനത്തിന് അതൊരു തികച്ചും ശ്രേഷ്ഠമായ വിരാമമായിരുന്നു.



വാല്യം 4 ലക്കം 5 സപ്തംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





[തിരുപ്പൂർ – 2011 ജൂലായ് 26 മുതൽ 29 വരെ]

ജൂലായ് 25–ാം തിയതി മാസ്റ്ററുടെ ജന്മദിനാഘോഷത്തിനു പരിസമാപ്തിയായി. മാസ്റ്റർ 29–ാം തീയതി വരെ തിരുപ്പൂരിൽ തങ്ങാൻ നിശ്ചയിച്ചു. ഇത്രയും വലിയ ഒരു ആഘോഷത്തിനു ശേഷം മാസ്റ്റർ വളരെയധികം ക്ഷീണിതനായിരുന്നെങ്കിലും, തിരിച്ചു പോകുന്നതിനു മുൻപു മാസ്റ്ററെ കാണണമെന്ന അഭ്യാസികളുടെ ആഗ്രഹം മാനിച്ച് അദ്ദേഹം തന്നാൽ കഴിയുന്നത്രയും അഭ്യാസികളുമായി കൂടിക്കാഴ്ച നടത്തി. ഒരു നിർണായകമായ പ്രസ്താവനയിൽ മാസ്റ്റർ പറഞ്ഞു "ഞാൻ നേരിട്ട് കണ്ടവർക്കും അല്ലാത്തവർക്കുമായി, എന്നാൽ കഴിയുന്നതൊക്കെയും ഞാൻ തന്നു കഴിഞ്ഞു".

ഒരു കൂട്ടം അഭ്യാസികളോടായി മാസ്റ്റർ പറഞ്ഞു "ഇത്തരം ഭണ്ഡാരകൾക്കായി നിങ്ങൾ വരുമ്പോൾ പെട്ടെന്നു തിരിച്ചു പോകരുത്. കുറച്ചു ദിവസം കൂടി നിന്നിട്ടു വേണം തിരിച്ചു പോകാൻ. കുറച്ചു ക്ഷമിക്കു, ശാന്തരാകൂ, ഈ അന്തരീക്ഷത്തിൽ എത്ര നേരം നിൽക്കാൻ നിങ്ങൾക്കു സാധിക്കുമോ അത്രയും നേരം ഇവിടെ നിൽക്കൂ." അന്തരീക്ഷത്തെക്കുറിച്ചു സംസാരിച്ചപ്പോൾ ഒരു അഭ്യാസി പറഞ്ഞു, ടെൻറുകൾ ഓരോന്നായി എടുത്തു മാറ്റുന്നതും ഈ പ്രദേശം വിജനമാകുന്നതും കാണുമ്പോൾ വിഷമം തോന്നുന്നു. അപ്പോൾ മാസ്റ്റർ പറഞ്ഞു "24–ാം തീയതി വൈകുന്നേരം ആദ്യസംഘം അഭ്യാസികൾ പോയിത്തുടങ്ങിയപ്പോഴേ എനിക്കിതു തോന്നിത്തുടങ്ങി".

ആഘോഷങ്ങളിൽ ജോലി ചെയ്യാൻ അവസരം നൽകിയതിന് ഒരു അഭ്യാസി നന്ദി പറഞ്ഞപ്പോൾ മാസ്റ്റർ ഇങ്ങിനെ പറഞ്ഞു, "ജോലി ചെയ്യാൻ തയ്യാറുള്ള ആളെജോലി തേടി വരും".

[ചെന്നൈ – 29 ജൂലൈ 2011 മുതൽ 15 ആഗസ്റ്റ് 2011 വരെ]

മാസ്റ്റർ ജൂലായ് 29–ാം തീയതി ചെന്നൈയിൽ എത്തിച്ചേർന്നു. അവിടെ എത്തിയ ഉടൻ നേരെ മണപ്പാക്കം ആശ്രമത്തിലേക്കാണ് മാസ്റ്റർ പോയത്. എത്തിച്ചേർന്ന ഉടൻ തന്നെ അദ്ദേഹം തൻെറ പതിവു ജോലികൾ ആരംഭിച്ചു.

സഹജമാർഗ്ഗത്തിൻെറ ചരിത്രത്തെക്കുറിച്ചു സംസാരിക്കുന്ന ഒരു പുതിയ സംരംഭത്തിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. തിരുപ്പൂരിൽ വച്ച് അദ്ദേഹം ഇങ്ങനെ ഒരു പ്രസ്താവന നടത്തി, "ഒരാൾ ജീവിച്ചിരിക്കുമ്പോൾ ആരും വിശദാംശങ്ങളിലേക്കു കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ തന്നെ ഒരുപാടു വിവരങ്ങൾ എന്നന്നേക്കുമായി നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു." വിവിധ രാജ്യങ്ങളിലെ സഹജമാർഗ്ഗത്തിൻെറ ചരിത്രവിവരങ്ങൾ ശേഖരിക്കാൻ ചില അഭ്യാസികൾ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം വളരെയധികം പുകഴ്ത്തി. ചില യൂറോപ്യൻ അഭ്യാസികൾ യൂറോപ്പിലെ സഹജമാർഗ്ഗത്തിൻെറ ചരിത്രത്തെക്കുറിച്ച് മാസ്റ്ററുമായി അഭിമുഖ സംഭാഷണം നടത്തി. അദ്ദേഹം 2–ാം തീയതി മുതൽ 5–ാം തീയതി വരെ ഗായത്രിയിൽ ചിലവഴിക്കുകയും 6–ാം തീയതി മണപ്പാക്കത്തേക്കു പോകുകയും ചെയ്തു.

ആഗസ്റ്റ് 2–ാം തീയതി അദ്ദേഹം 150 ഓളം വിദേശ അഭ്യാസികളെ ഗായത്രിയിലേക്കു അത്താഴത്തിനായി ക്ഷണിച്ചു. മാസ്റ്ററുടെ കുടുംബം മാതൃകാ ആതിഥേയരായിരുന്നു. എല്ലാവരും അത്താഴം കഴിച്ചു എന്നു അവർ ഉറപ്പുവരുത്തിയിരുന്നു. അവിടെ, മാസ്റ്ററുടെ മേലുള്ള പ്രായാധിക്യത്തിൻെറ സ്വാധീനം വളരെയധികം പ്രകടമായിരുന്നു. അദ്ദേഹം കസേരയിൽ നിന്നും എഴുന്നേൽക്കാനും ഇരിക്കാനും ബുദ്ധിമുട്ടുന്നത് കണ്ടു നിൽക്കാൻ തന്നെ വളരെ പ്രയാസമായിരുന്നു. ഒരു പ്രാവശ്യം അദ്ദേഹം കസേരയിൽ നിന്ന് എഴുന്നേൽക്കാൻ ബുദ്ധിമുട്ടുമ്പോൾ ചില അഭ്യാസികൾ അദ്ദേഹത്തെ സഹായിക്കാൻ ഒരുങ്ങി. അപ്പോൾ അദ്ദേഹം തനിക്കു സഹായം വേണ്ട എന്ന് പറയുകയും സ്വപ്രയത്നത്താൽ എഴുന്നേൽക്കുകയും ചെയ്തു.

മാസ്റ്റർ മണപ്പാക്കത്ത് തിരിച്ചെത്തിയപ്പോൾ മുംബൈയിൽ നിന്നുള്ള ഒരു കൂട്ടം അഭ്യാസികൾ അവിടെ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയെക്കുറിച്ച് മാസ്റ്ററോടു വിശദീകരിച്ചു കൊടുത്തു. മാസ്റ്റർ അതിൻെറ വിശദാംശങ്ങളെക്കുറിച്ചറിയാൻ വളരെ ഉത്സുകനായിരുന്നു. ആ പദ്ധതി പകുതി വഴിയെ എത്തിയിട്ടുള്ളു മുഴുവനായിട്ടില്ല എന്നൊരഭ്യാസി സഹോദരൻ പറഞ്ഞപ്പോൾ മാസ്റ്റർ ഒരു ഹിന്ദി പഴമൊഴി ഉദ്ധരിച്ചുകൊണ്ടു പറഞ്ഞു "ആനയുടെ ഉടൽ കാണുന്നുണ്ടെങ്കിൽ തീർച്ചയായും അതിൻെറ വാൽ പുറകെ ഉണ്ടാകും".

ഒരു രാത്രി അത്താഴത്തിനു ശേഷം, മാസ്റ്ററുടെ കുറച്ചു സമയം തനിക്കായി വേണം എന്ന് ഒരു സഹോദരി ആവശ്യപ്പെട്ടു. അതിനുത്തരമായി അദ്ദേഹം പറഞ്ഞു "ഞാൻ ഇപ്പോൾ എത്രമാത്രം ക്ഷീണിതനാണെന്നു നിങ്ങൾക്കും കാണാം. ഇങ്ങനെ ആവശ്യപ്പെടുന്നതിനു മുൻപ് എൻെറ അവസ്ഥ എപ്രകാരമാണ് എന്നുകൂടി നോക്കണം." അത് എല്ലാവർക്കും ഒരു പാഠമായിരുന്നു.

താൽപര്യം കാണിക്കുന്നതിനെക്കുറിച്ച് മാസ്റ്റർ ഇപ്രകാരം പറഞ്ഞു "ഏതു മേഖലയിലായാലും ആദ്യപടി താൽപര്യം കാണിക്കുക എന്നുള്ളതാണ്. ബാബുജി, സഹജമാർഗ്ഗത്തെക്കുറിച്ചു പറഞ്ഞതും ഇതു തന്നെയാണ്, താൽപര്യം കാണിക്കുക." അദ്ദേഹം പറഞ്ഞത് ഇങ്ങിനെയാണ്, നാം താൽപര്യം കാണിക്കണമെങ്കിൽ സഹജമാർഗത്തെ നമ്മുടെ ഭാഗമാക്കി മാറ്റണം. എന്നു വച്ചാൽ മാസ്റ്ററെയും മിഷനെയും മാർഗത്തെയും നമ്മുടേതാക്കി മാറ്റണം.

മണപ്പാക്കത്ത് 13 മുതൽ 15 ആഗസ്റ്റ് വരെ നടന്ന സെൻറർ-ഇൻ-ചാർജ്/സോണൽ-ഇൻ-ചാർജുമാരുടെ യോഗം, മാസ്റ്റർ തൻെറ വ്യക്തിപരമായ സാനിധ്യം കൊണ്ട് അനുഗ്രഹിക്കുകയും ഉദ്ഘാടന ചടങ്ങിലും സമാപന ചടങ്ങിലും സംസാരിക്കുകയും ചെയ്തു.

സ്വാതന്ത്ര്യദിനത്തിൽ, മണപ്പാക്കം ആശ്രമത്തിൻെറ ധ്യാനകേന്ദ്രത്തിനു മുന്നിൽ ഏകദേശം 150-ഓളം അഭ്യാസികളുടെയും കുട്ടികളുടെയും സാന്നിധ്യത്തിൽ സഹോ: എ. പി. ദുരൈ പതാക ഉയർത്തി.

മിഷനാവശ്യമായ സ്ഥലത്തിൻെറ റജിസ്ട്രേഷൻ സംബന്ധിച്ച് മാസ്റ്റർ 16–ാം തീയതി ദില്ലിയിലേക്കു തിരിച്ചു. മറ്റൊരു റജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 18–ാം തീയതി അദ്ദേഹം അവിടെ നിന്നും ഹൈദരാബാദിലേക്കു തിരിച്ചു.

വാല്യം 4 ലക്കം 5 സപ്തംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക





സോണൽ/സെൻറർ ഇൻ ചാർജുമാരുടെ ശിൽപശാല

## തെന്നിന്ത്യയിലെ സെൻറർ ഇൻ ചാർജ്/സോണൽ ഇൻ ചാർജ് പ്രതിനിധികൾക്കായുള്ള ശിൽപശാല

ചെന്നൈ, ആഗസ്റ്റ് 13-15, 2011

ആഗസ്റ്റ് 13 മുതൽ 15 വരെ മണപ്പാക്കത്ത് നടത്തിയ ശിൽപശാല ആന്ധ്രപ്രദേശ്, കർണാടകം, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള സെൻറർ ഇൻ ചാർജ്, സോണൽ ഇൻ ചാർജ് പ്രതിനിധികൾക്കുള്ളതായിരുന്നു. മാസ്റ്ററുടെ സിറ്റിങ്ങോടെയാണ് ഈ സെമിനാർ ആരംഭിച്ചത്. പ്രിഫെക്റ്റുകൾ മിഷൻെറ ധമനികളാണെന്നും അവർ മാസ്റ്ററുടെ സന്ദേശവാഹകരായി ഭവിക്കുകയാണെന്നും അദ്ദേഹം പ്രഭാഷണത്തിൽ എടുത്തുപറഞ്ഞു. ബാബുജി തെന്നിന്ത്യയിൽ വന്നു സംപ്രേക്ഷണം ചെയ്തതിൻെറ ഫലമാണ് ഇരുപതു വർഷങ്ങൾക്കു ശേഷം നാം കാണുന്നത്. പ്രിഫെക്റ്റുകൾ അവരുടെ ജോലി നന്നായി ചെയ്യണം. അർപ്പണബോധത്തോടെ സേവനം ചെയ്യുന്ന പ്രിഫെക്റ്റുകൾക്ക് മാസ്റ്ററോളം ഉയരാനുള്ള അവസരം ലഭിക്കുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി.

മാസ്റ്ററുടെ പ്രഭാഷണാനന്തരം സഹോദരൻ കൃഷ്ണ ഗ്ലോബൽ സർവീസ് ടീം എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. പ്രിഫെക്റ്റുകൾ ഭരണപരമായ കാര്യങ്ങൾ വളണ്ടിയർമാരെ ഏൽപ്പിച്ച്, തങ്ങളുടെ പ്രാഥമിക കർത്തവ്യമായ ആത്മീയ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കണം. ഗ്ലോബൽ സർവീസ് ടീമിലെ അംഗങ്ങൾ അവരുടെ പ്രവർത്തന മേഖലകളെകുറിച്ചു സംസാരിച്ച ശേഷം ചോദ്യോത്തരവേളയിൽ പങ്കെടുത്തു. പരിപാടികളുടെ ആസൂത്രണം, പരിശീലനം, സമൂഹനിർമ്മാണം, മെംബർ സർവീസ്, ആസ്തികൾ, തുടർ വികസനത്തിനായുള്ള നടപടികൾ എന്നിവയാണ് ടീമുകൾ. ഇവയെങ്ങിനെ തങ്ങളുടെ കേന്ദ്രങ്ങളിൽ നടപ്പാക്കാമെന്നതിനെക്കുറിച്ച് സെൻറർ ഇൻ ചാർജ്, സോണൽ ഇൻ ചാർജ് പ്രതിനിധികൾ ചർച്ച ചെയ്തു.

അവസാനദിവസം സഹോദരൻ രാജഗോപലൻ സംസാരിച്ചു. പ്രിഫെക്റ്റുകളുടെ പ്രവർത്തന രീതികൾ എങ്ങിനെ യായിരിക്കണമെന്ന് അദ്ദേഹം തൻെറ പ്രഭാഷണത്തിൽ ആവർത്തിച്ചു. പ്രധാന കേന്ദ്രങ്ങളോടും സോണുകളോടും അവരുടെ അടുത്ത വർഷത്തെ കർമ്മപരിപാടികളുടെ രൂപരേഖ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടു. മാസ്റ്ററുടെ പ്രഭാഷണത്തോടെ ശിൽപശാല അവസാനിച്ചു. ആദ്യം നമ്മളെല്ലാം സ്വയം നല്ല മനുഷ്യരായി പരിണമിക്കണമെന്ന് മാസ്റ്റർ പറഞ്ഞു. നിങ്ങൾക്കെല്ലാം വേണ്ടത് GST (Global Service Team) ആണെങ്കിൽ ഞാൻ ആവശ്യപെടുന്നത് ISI (Individual Serving Indvidual) ആണ്. മനുഷ്യത്വമുള്ളവനായിരിക്കുക, മുൻപിലിരിയ്ക്കുന്ന വ്യക്തിയെ സ്നേഹം നിറഞ്ഞ ഹൃദയത്തോടെ സ്വീകരിച്ചു സേവിക്കുക. നിങ്ങൾ ശുചീകരണം ചെയ്യുമ്പോൾ മാത്രമേ മറ്റുള്ളവരെ നന്നായി സേവിക്കാൻ പറ്റുകയുള്ളു. നിങ്ങൾ അഭ്യാസികളെ പരിചരിക്കുമ്പോൾ അദ്ദേഹം നിങ്ങളെ സംരക്ഷിച്ചുകൊള്ളും.

## ആഫ്രിക്കയിൽ നിന്നുള്ള അഭ്യാസികളുടെ യോഗം

16 മുതൽ 22 വരെ മണപ്പാക്കത്ത് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നെത്തിയ അറുപതോളം അഭ്യാസികളുടെ ആദ്യയോഗം ആരംഭിച്ചുവെങ്കിലും അത് പിന്നീട് തിരുപ്പൂരിലേയ്ക്ക് മാറ്റുകയുണ്ടായി. ആഫ്രിക്കയിലെ സഹോദരീ സഹോദരങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിയ്ക്കുന്ന തരത്തിൽ വ്യക്തിഗത സിറ്റിങ്ങുകളാലും സത്സംഗങ്ങളാലും പ്രഭാഷണങ്ങളാലും ശിൽപശാലകളാലും നിറഞ്ഞു നിന്ന ഒരാഴ്ച്ചയായിരുന്നു ഇത്. പല അഭ്യാസികളും ഇന്ത്യയിലെത്താനും മാസ്റ്ററെ ആദ്യമായി കാണാനും പരിശ്രമിച്ചവരായിരുന്നു. പതിനാറിന് സത്സംഗവും ഒരു ഗഹനമായ പ്രഭാഷണവും മാസ്റ്റർ നടത്തി. ഏവരേയും അവേശഭരിതരാക്കിയ ഈ പ്രഭാഷണം ആഫിക്കൻ അഭ്യാസികളോടാണ് നടത്തിയതെങ്കിലും അതിൻെറ ഫലം എല്ലാ മനുഷ്യരിലും ഉളവാക്കും എന്നതിൽ സംശയമില്ല.

രാജ്യങ്ങളിലെ ഇരുട്ടിനു പകരം നീക്കേണ്ടത് അവിടുത്തെ ജനങ്ങളുടെ ഹൃദയത്തിലെ ഗോത്രാചാരങ്ങളും തെറ്റിദ്ധാരണകളു മടങ്ങുന്ന ഇരുട്ടാണെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെ എത്തിയവരെങ്കിലും ധൈര്യപൂർവം ഈ വെല്ലുവിളി ഏറ്റെടുത്ത് അവരുടെ ഹൃദയങ്ങളിൽ 'വെളിച്ചം' കൊണ്ടുവരാൻ ശ്രമിക്കണം. എന്തെങ്കിലും മാറ്റം വരുത്താനുള്ള ഒരേയൊരു മാർഗം ഒരു ലോകം, ഒരൊറ്റ മനുഷ്യൻ എന്ന ആശയം വളർത്തുകയാണ്. അദ്ദേഹം തുടർന്നു.

സഹോ. കൃഷ്ണയുടെ 'നാനാത്വത്തിൽ ഏകത്വം', സഹോ. രാജഗോപാലിൻെറ 'സഹജമാർഗത്തിൻെറ സവിശേഷതകൾ', സഹോ. എ പി ദുരൈയുടെ 'കടമകളും കർത്തവ്യങ്ങളും' എന്നീ വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ എല്ലാവരെയും ആവേശഭരിതരാക്കി.

പങ്കെടുത്ത എല്ലാവരും മണപ്പാക്കത്ത് നിന്നും തിരുപ്പൂർ വരെ ബസ്സിലാണ് യാത്ര ചെയ്തത്. മാസ്റ്ററുടെ നിർദ്ദേശാനുസരണം നട്രാമ്പള്ളി ആശ്രമത്തിൽ ഉച്ചഭക്ഷണത്തിനും ലഘു ഭക്ഷണത്തിനായി കൃഷ്ണഗിരി ആശ്രമത്തിലും ബസ്സ് നിർത്തി. സ്നേഹത്താൽ നിറഞ്ഞ ഈ ആശ്രമങ്ങളിലെ അനുഭവങ്ങൾ എല്ലാവരും ഉൾക്കൊള്ളേണ്ട ഒന്നുതന്നെയാണ്.





തിരുപ്പൂരിൽ, സഹോ. ജെയിംസും സഹോ. മിഷെലും പ്രഭാഷണം നടത്തി. മാസ്റ്റർ തൻെറ ഉപസംഹാര പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു, "നമുക്ക് പല ഭാഷകളുണ്ട്. പക്ഷേ നമുക്കിടയിൽ സ്നേഹമുണ്ടെങ്കിൽ ഭാഷയുടെ പ്രശ്നമില്ല. കണ്ണുകൾ സംസാരിക്കും. അല്ലേ? ... അതുകൊണ്ട് നമുക്ക് മനുഷ്യരായി തുടർന്നുകൊണ്ടുതന്നെ ദൈവം തന്ന മാനവികത ആസ്വദിക്കാം. മാനവികത എന്നാൽ സ്നേഹിക്കൽ, പങ്കുവെക്കൽ, പരസ്പര ശ്രദ്ധ എന്നിവയാണ്, അത് വെറും കേക്ക് മുറിക്കലിൽ ഒതുങ്ങുന്നതല്ല. ഞാൻ ഉദ്ദേശിക്കുന്നത് മാനവികത എന്ന കേക്കാണ്. ദൈവം അദ്ദേഹത്തിൻെറ ഭാഷയിലാണു നമ്മോട് സംസാരിക്കുന്നത് എന്നോർത്തു കൊണ്ട് സിദ്ധാന്തത്തിൽ മാത്രമൊതുക്കാതെ ഇത് പ്രയോഗത്തിൽ വരുത്തണം. എന്താണ് അദ്ദേഹത്തിൻെറ ഭാഷ? മൗനം. മനസ്സിൽ നിന്ന് മനസ്സിലേക്കല്ല, ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക്."

മാസ്റ്ററുടെ സന്ദേശം ഹൃദയത്തിലേറ്റി വളർത്തി പ്രകാശിപ്പിച്ച്, ആ പ്രകാശം എല്ലാ മാനവികരെയും സ്പർശിക്കാനനുവദിക്കുമെന്നു പ്രതിജ്ഞാബദ്ധരായി നിറഞ്ഞ ഹൃദയത്തോടെയാണ് എല്ലാ അഭ്യാസികളും സെമിനാറിൽ നിന്ന് മടങ്ങിയത്.

## മാസ്റ്ററുടെ ജന്മദിനാഘോഷങ്ങൾ

### ഇന്ത്യയിലെ വിവിധ കേന്ദ്രങ്ങളിൽ

കൽക്കത്തയിൽ നടന്ന പരിപാടിയിൽ അഭ്യാസികളും കുട്ടികളും അടക്കം 275 പേർ പങ്കെടുത്തു. സ്നേഹത്തോടെ ഭക്തിഗാനങ്ങൾ പാടി. പ്രാതലിനു ശേഷം മാസ്റ്ററുടെ ഹിന്ദിയിലുള്ള പ്രഭാഷണങ്ങൾ വെച്ചു. തുടർന്ന് മാസ്റ്ററുടെ വിദേശ പര്യടനത്തിൻെറ ചിത്രങ്ങൾ ഡി.വി.ഡിയിൽ കണ്ടു. സാധനയെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് പുതിയ അഭ്യാസികൾ പോലും ഉത്സാഹത്തോടെ ഉത്തരം പറഞ്ഞു. മാസ്റ്ററുടെ ജീവിത കഥ 'ഡൗൺ മെമ്മറി ലെയ്ൻ' സംബന്ധിച്ച് പ്രശ്നോത്തരി നടത്തി. ഉച്ച ഭക്ഷണത്തിനു ശേഷം എല്ലാ അഭ്യാസികളും സായാഹ്ന സത്സംഗം തുടങ്ങുന്നതുവരെ ആത്മീയാന്തരീക്ഷത്തെ ആഗിരണം ചെയ്ത്, ആത്മനിരീക്ഷണം നടത്തിക്കൊണ്ട് വിശ്രമിച്ചു.

ജോധ്പൂരിൽ മൂന്നു ദിവസമായി നടന്ന പരിപാടിയിൽ കുട്ടികളും അഭ്യാസികളുമായി 190 പേർ പങ്കെടുത്തു. മെഡിറ്റേഷൻ ഹാൾ വൃത്തിയായി അലങ്കരിച്ചിരുന്നു. സ്നേഹത്തോടെയും ഭക്തിയോടെയും ഭജനകൾ പാടി. സാധനയുടെ വിവിധ വശങ്ങളെ സംബന്ധിച്ച് കുട്ടികൾ പരിപാടികൾ അവതരിപ്പിച്ചു. മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ ഡി.വി.ഡി. പ്രദർശിപ്പിച്ചു. സ്വന്തം ജീവിതം പരിവർത്തനം ചെയ്യുന്നതിൽ മാസ്റ്റർ വഹിച്ച പങ്ക് ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും നന്ദിയോടെ പങ്കുവെച്ചു. മാസ്റ്ററോടുള്ള ഭക്തിയും, വിശ്വാസവും, സമർപ്പണവും, ജീവിതത്തിലെ വെല്ലുവിളികളും പ്രയാസങ്ങളും നേരിടാൻ വേണ്ട ശക്തി തരുമെന്ന സന്ദേശത്തിൽ ഉന്മേഷഭരിതരായാണു അഭ്യാസികൾ മടങ്ങിയത്.

ബിൽവ്വാരയിൽ, 'സ്നേഹത്തിൽ അച്ചടക്കം' എന്നതായിരുന്നു വിഷയം. മാസ്റ്ററുടെ വചനങ്ങൾ ആലേഖനം ചെയ്ത പോസ്റ്ററുകൾ ചുമരിൽ പതിച്ചിരുന്നു. പ്രഭാത സത്സംഗത്തിനുശേഷം ഭജന, നാടകം, ഡി.വി.ഡി. പ്രദർശനം എന്നിവ ഉണ്ടായിരുന്നു.

ജയ്പുരിൽ സാധനയുടെ വിവിധ വശങ്ങളെക്കുറിച്ച് പ്രഭാഷണവും ചർച്ചകളും ഉണ്ടായിരുന്നു. തുടർന്നു നടന്ന കുട്ടികളുടെ സാംസ്കാരിക പരിപാടികൾ, സന്നിഹിതരായവരുടെ ഹൃദയങ്ങളെ സ്പർശിച്ചു. മൂന്നു ദിവസത്തെ പരിപാടിയിൽ കുട്ടികളടക്കം 300 പേർ പങ്കെടുത്തു.



ജോധ്പൂർ



ജയ്പൂർ

വാല്യം 4 ലക്കം 5 സപ്തംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





## സേവനത്തിൻെറ പ്രാധാന്യം

"സാധ്യമല്ല എന്നു പറയാനാവില്ലെങ്കിലും, മാസ്റ്ററെ സ്നേഹിക്കുക പ്രയാസമാണ്" എന്നാണു മാസ്റ്റർ 2010 ജനവരി 10-ന് ഭരണനിർവാഹകരെ അഭിസംബോധന ചെയ്യുകൊണ്ട് പറഞ്ഞത്. സ്നേഹം എന്നതിനെപ്പറ്റി നമുക്ക് ഒന്നും അറിയില്ല എന്ന് ബാബുജി മഹരാജ് കുറെ കാലങ്ങൾക്കു മുൻപു അദ്ദേഹത്തെ പഠിപ്പിച്ചത് ആവർത്തിക്കുകയായിരുന്നു അപ്പോൾ മാസ്റ്റർ. സേവനത്തിൽകൂടി മാത്രമേ നമുക്കു സ്നേഹം വളർത്തിയെടുക്കാൻ കഴിയുകയുള്ളു.

### സ്വയംസേവകരുടെ റജിസ്ട്രേഷൻ ഡെസ്ക്

സുരക്ഷാ വിഭാഗം, അടുക്കള, ഭക്ഷണശാല, കുളിമുറി, കക്കൂസ്, മെഡിറ്റേഷൻ ഹാൾ എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ള വളണ്ടിയർമാരുടെ ഒരു ഒഴുക്കു തന്നെ കാണാമായിരുന്നു. ഇത്തരം സന്നദ്ധസേവകരുടെ ഒരു കുറവും ഉണ്ടായിരുന്നില്ല. തിരുപ്പൂരിലും അതിനടുത്തുമുള്ള അഭ്യാസികൾ ഇവർക്കാവശ്യമായത് ചെയ്യുകൊടുക്കാൻ വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു.

### ഭണ്ഡാര തുടങ്ങുന്നതുവരെ നടന്ന കാര്യങ്ങളുടെ വിവരണം

ഭണ്ഡാര നടക്കുന്ന സ്ഥലമൊരുക്കാൻ ഇന്ത്യയിലെ പല ഭാഗത്തുനിന്നും രണ്ടു മാസം മുൻപു തന്നെ സ്വയംസേവകർ വന്നുതുടങ്ങി.

♦ജൂൺ അവസാനത്തിൽ, കേരളത്തിൽ നിന്നു വന്ന അഭ്യാസികൾ ഉത്സവസ്ഥലമാകമാനം ശുദ്ധീകരിക്കുകയും കാടു വെട്ടിത്തെളിക്കുകയും, മാസ്റ്ററുടെ കോട്ടേജിനു മുൻപിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ആവശ്യമായ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. കുളിമുറി, അടുക്കള എന്നീ സ്ഥലങ്ങൾ വൃത്തിയാക്കുന്നതിലും അവർ സഹായിച്ചു.

♦ജൂലായ് തുടക്കത്തിൽ ഗുജറാത്തിൽ നിന്നു വന്നവർ ഈ പ്രവൃത്തികളിൽ മറ്റുള്ളവരെ സഹായിച്ചു. അവിടുത്തെ അന്തരീക്ഷത്തിൽ ആകമാനം ഒരു മാറ്റം വന്നതായി അനുഭവപ്പെട്ടു. സ്വയംസേവകരിലും ആന്തരികപരിണാമം സംഭവിക്കുന്നുണ്ടായിരുന്നു.

♦ആന്ധ്രപ്രദേശിൽ നിന്ന് സ്വയംസേവകർ ഗുരുപൂർണിമക്കു മുൻപു എത്തിച്ചേർന്നു. ഇവർ എല്ലാവരും അവരവരുടെ കർത്തവ്യം യഥാക്രമം ചെയ്തിരുന്നു. ചിലർക്ക് ഉത്സവ സമയത്ത് മെഡിറ്റേഷൻ ഹാളിൽ വന്നു മാസ്റ്ററെ ഒരുനോക്ക് കാണുവാൻ പോലും സാധിച്ചില്ല.

♦തിരുവണ്ണാമലൈ, ഈറോഡ്, വെല്ലൂർ, തിരുപ്പൂർ എന്നീ സ്ഥലങ്ങളിലെ സ്വയംസേവകർ കല്ലുപെറുക്കൽ, കാടുവെട്ടിത്തെളിക്കൽ, സ്ഥലം വൃത്തിയാക്കൽ, മെഡിറ്റേഷൻ ഹാൾ വൃത്തിയാക്കി അവിടെ പരവതാനി വിരിക്കൽ തുടങ്ങിയ ജോലികൾ ചെയ്തു. അവിടെ അപ്പോൾ ഉരുത്തിരിഞ്ഞ നിശ്ശബ്ദതയും ആത്മീയ അന്തരീക്ഷവും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു.

♦കർണ്ണാടകയിൽ നിന്നുള്ള സ്വയംസേവകർ യാത്രാ സൗകര്യം ഏർപ്പെടുത്തി ഒരു മാസം മുൻപു തന്നെ എല്ലാ ആഴ്ചയിലും അവധി ദിവസങ്ങളിൽ സന്നദ്ധസേവനത്തിനായി തിരുപ്പൂരിൽ എത്തിയിരുന്നു. ഉത്സവ സമയത്ത് അവരെ അടുക്കള, സുരക്ഷ, ഭക്ഷണശാല, കുട്ടികളുടെ കേന്ദ്രം എന്നീ സ്ഥലങ്ങളിലെല്ലാം സേവനമനുഷ്ഠിക്കുന്നത് കാണാമായിരുന്നു.

### പ്രവർത്തന രംഗത്തെ അന്തരീക്ഷം

സ്വയംസേവകർ മാസ്റ്ററുടെ ഒരുപകരണം മാത്രമായതിനാൽ എല്ലാകാര്യങ്ങളും യഥാവിധി നടക്കുന്നുണ്ടായിരുന്നു. സരളമായ ജീവിതത്തിൻെറ യഥാർഥ അർത്ഥം വളൻറിയർമാർക്കു ബോദ്ധ്യമായി. രാജ്യത്തിൻെറ പല ഭാഗത്തുനിന്നു വന്നവരാണെങ്കിലും അവർക്കിടയിൽ സ്നേഹവും, സാഹോദര്യവും നിലനിന്നിരുന്നു. രാത്രിയും പകലും ജോലി ചെയ്തിരുന്നുവെങ്കിലും അവരുടെ കഴിവിനോ, ഉത്സാഹത്തിനോ ഒരു കുറവും സംഭവിച്ചിരുന്നില്ല.

## അജ്മീർ(രാജസ്ഥാൻ) – സഹജ ഉല്ലാസയാത്ര



2011 ജൂലായ് 10-ന അജ്മീർ, കിഷൻഗർ എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികൾ പുഷ്കർ എന്ന സ്ഥലത്തേക്ക് ഉല്ലാസയാത്ര പോയി. ഏകദേശം 60 അഭ്യാസികൾ അവിടുത്തെ ഒരഭ്യാസിയുടെ കൃഷിസ്ഥലത്തുണ്ടായിരുന്ന വീട്ടിൽ ഒരുദിവസം ചിലവഴിച്ചു. സഹജ മാർഗ പരിശീലനത്തെപ്പറ്റിയുള്ള വിവരണത്തോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. എല്ലാവരും അവരുടെ അനുഭവങ്ങൾ പങ്കു വെച്ചു. ഈ പരിപാടിക്കുശേഷം പലർക്കും അവരുടെ സംശയങ്ങൾ തീർന്നുവെന്നും, ആത്മീയ ജീവിതത്തിൻെറ അഗാധ തലങ്ങളെപ്പറ്റിയുള്ള അവബോധം വളർന്നുവെന്നും അഭിപ്രായപ്പെട്ടു. കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

വാല്യം 4 ലക്കം 5 സപ്തംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



## യുവജനപരിപാടി, കൊൽക്കത്ത

2011 ആഗസ്റ്റ് 14–15 തിയ്യതികളിൽ യുവജനങ്ങൾക്കായി രണ്ടു ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരുന്നു. 18–നും 30–നും ഇടക്ക് പ്രായമുള്ള 26 യുവാക്കൾ ഇതിൽ പങ്കെടുത്തു. ആമുഖപ്രഭാഷണത്തിനുശേഷം ഇതിൽ പങ്കെടുത്തവർ ഭണ്ഡാരയിൽ അവർക്കുണ്ടായ അനുഭവങ്ങൾ പങ്കുവെച്ചു. ഭണ്ഡാരയിൽ നിന്നു തിരിച്ചുവരുമ്പോൾ മാറ്റത്തിനുള്ള പ്രചോദനം കൂടുന്നതായി എല്ലാവരും അംഗീകരിച്ചു. ഭണ്ഡാരയിലെ ദിവ്യവും പരമാനന്ദദായകവുമായ അവസ്ഥ ദൈനംദിന ജീവിതത്തിൽ പകർത്താനുള്ള വ്യഗ്രതയാണിതിനു കാരണം. എന്നെന്നും നിലനിൽക്കുന്ന മാറ്റത്തിനായി ഈ പ്രചോദനത്തെ ഉപയോഗിക്കുവാൻ ഓരോരുത്തരും ബാധ്യസ്ഥരാണ്.

വൈകുന്നേരത്തെ സത്സംഗത്തിനുശേഷം എല്ലാവരും ബാസ്കറ്റ്ബോൾ കളിയിൽ പങ്കെടുത്തു. അതിനുശേഷം ഒരു സിനിമാപ്രദർശനത്തോടുകൂടി അന്നത്തെ ദിവസം അവസാനിച്ചു.

നിത്യജീവിതത്തിൽ നന്മയുടേയും സുഖലോലുപതയുടേയും ഇടയിലുള്ള വടംവലിയെക്കുറിച്ചും സുഖഭോഗങ്ങൾക്കായി മാത്രം എല്ലാം ചെയ്യുവാനുള്ള പ്രവണതയെക്കുറിച്ചും കാലക്രമേണ ഇതെങ്ങനെ വേദനകൾക്കിടനൽകുന്നു എന്നതിനെക്കുറിച്ചുമുള്ള ചിന്ത എല്ലാവരിലും ഉണർത്താൻ കഥയുടെ രൂപത്തിൽ അടുത്ത ദിവസം അവതരിപ്പിക്കപ്പെട്ട പരിപാടിക്കായി.

നിത്യജീവിതത്തിൽ നാം ഇടപെടുന്ന വിവിധ വശങ്ങളെപ്പറ്റിയും, അത്തരുണത്തിലുള്ള നമ്മുടെ പെരുമാറ്റത്തെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് ലഘു നാടക രൂപത്തിൽ നടത്തിയ പരിപാടി ഉപയോഗപ്രധമായിരുന്നു. ഇതിൽ കളിയും തമാശയുമൊക്കെ ഉണ്ടായിരുന്നു. പൂർണവ്യക്തിത്വത്തിൻെറയും ജീവിതത്തിൻെറ എല്ലാതുറകളിലും ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ പിന്തുടരേണ്ടതിൻെറ പ്രാധാന്യവും ഈ നാടകം വരച്ചുകാട്ടി.

അന്നത്തെ അവസാനക്ലാസിൽ എല്ലാവരോടും തൻെറ സാധനയിൽ കൃത്യനിഷ്ഠയില്ലായ്മയുടെ കാരണത്തെപ്പറ്റിയും തടസ്സങ്ങളെ എങ്ങനെ തരണം ചെയ്യാം എന്നതിനെപ്പറ്റിയും വിചിന്തനം ചെയ്യുവാൻ ആവശ്യപ്പെട്ടു.

സെമിനാറിലുടനീളം യുവാക്കളോട് തങ്ങളുടെ സാധനയിൽ കൃത്യനിഷ്ഠ പാലിച്ച് ജീവിതത്തിൽ അച്ചടക്കം കൊണ്ടുവരാൻ നിർദ്ദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തു.

## ഗാസിയാബാദിൽ യുവജനങ്ങൾക്കായുള്ള പരിപാടി

ജൂൺ 10–ന ഗാസിയാബാദിൽ യുവജനങ്ങൾക്കായി ഒരു പരിപാടി നടത്തി. ജീവിച്ചിരിക്കുന്ന ഒരു മാസ്റ്ററുടെ ആവശ്യകതയെപ്പറ്റിയും, അദ്ദേഹത്തിൻെറ പങ്കിനെപ്പറ്റിയും എകദേശം 50 അഭ്യാസികൾ ചർച്ച ചെയ്തു. മാസ്റ്ററെപ്പറ്റിയും, മിഷൻെറ ചരിത്രത്തെപ്പറ്റിയും അവതരണങ്ങൾ ഉണ്ടായിരുന്നു. മറ്റു കേന്ദ്രങ്ങളിൽ യുവാക്കൾ ചെയ്യുന്ന പ്രവർത്തനങ്ങളെപ്പറ്റിയും ചർച്ച ഉണ്ടായിരുന്നു. സാധന, പ്രത്യേകിച്ചും ശുദ്ധീകരണം എപ്രകാരം ചെയ്യണമെന്നതിനെപ്പറ്റി വിശദീകരണം നൽകപ്പെട്ടു. സേവനത്തിൻെറ പ്രാധാന്യത്തെപ്പറ്റിയും അത് എപ്രകാരം ചെയ്യണമെന്നതിനെപ്പറ്റിയും വളരെ മനോഹരമായ ഒരു അവതരണം ഇവിടെ ഉണ്ടായി. ആശ്രമങ്ങളിൽ തുടർച്ചയായി, ക്രമാനുഗതമായി സേവനം ചെയ്യേണ്ട ആവശ്യകതയെപ്പറ്റി വിവരിച്ചു. യുവാക്കൾ അവരുടെ പങ്ക് മനസ്സിലാക്കി സേവനം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചു.

## എക്കോസ് വാർത്താപത്രികയെ ആസ്പദമാക്കി പ്രശ്നോത്തരി

ഗുജറാത്തിലെ ജാംനഗറിൽ ആഗസ്റ്റ് 15–ന എക്കോസ് വാർത്താപത്രികയെ ആസ്പദമാക്കി പ്രശ്നോത്തരി നടത്തി. 30 മിനിറ്റുകൊണ്ട് ഉത്തരം നൽകാവുന്ന തരത്തിലുള്ള ചോദ്യങ്ങളാണു ചോദിച്ചിരുന്നത്. മത്സരം തുടങ്ങുന്നതിനു മുൻപ് 20 മിനിറ്റ് നേരം വാർത്താപത്രിക വായിക്കാൻ അവസരം നൽകിയതിനുശേഷമാണു മത്സരം തുടങ്ങിയത്. 20 പേർ ഇതിൽ പങ്കെടുത്തു. ശരിയായ ഉത്തരത്തിനു 5 മാർക്കും തെറ്റായ ഉത്തരത്തിനു –5 മാർക്കും നൽകിയിരുന്നു. സഹോ. അനുജും സഹോ. ചത്രിവാലയും ഒന്നും രണ്ടും സമ്മാനങ്ങൾ നേടി. വാർത്താപത്രിക പതിവായി വായിക്കാനുള്ള താൽപര്യം അഭ്യാസികളിൽ വളർത്തിയെടുക്കുകയായിരുന്നു ഈ മത്സരത്തിൻെറ ഉദ്ദേശ്യം. തിരുപ്പൂർ ഭണ്ഡാരയെ ആസ്പദമാക്കി പുറത്തിറക്കിയ പ്രത്യേക പതിപ്പിനെ എല്ലാവരും പ്രശംസിച്ചു.




വാല്യം 4 ലക്കം 5 സപ്തംബർ 2011

ശ്രീ രാം ചന്ദ്ര മിഷൻ®

എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## ടിൻസുകിയ ആശ്രമം, ആസ്സാം





### ആരംഭം

ചെറിയതാണെങ്കിലും, ടിൻസുകിയ ഇന്ത്യയിലെ മൂന്നാമത്തെ ആശ്രമമാണ്. ഗൗഹാട്ടിയിൽനിന്ന് 48 കി.മി. അകലെ, അടുത്ത വിമാനത്താവളമായ,ഡിബ്രുഗറിൽനിന്നും ഒരു മണിക്കൂർ നീണ്ടയാത്ര ആവശ്യമുള്ള ടിൻസുകിയ ആസ്സാമിന്റെ വാണിജ്യ തലസ്ഥാനമായാണ് അറിയപ്പെടുന്നത്. ആസ്സാമീസ്, ബംഗാളി, ഹിന്ദി തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന ഇടകലർന്ന ജനസഞ്ചയമാണിവിടെയുള്ളത്.

ടിൻസുകിയയിലെ ആദ്യ അഭ്യാസി, മിഷന്റെ മുൻകാല ജോയന്റ് സെക്രട്ടറിയായിരുന്ന, മരണമടഞ്ഞ, സഹോ കാഷിറാം അഗർവാളായിരുന്നു. അഭ്യാസികളുടെ എണ്ണം വർദ്ധിച്ചതിനനുസരിച്ച് ഏകദേശം 3500 ച.അടി വിസ്തീർണ്ണവും, 4000 ച.അടി തുറന്ന പ്രദേശം ചുറ്റിലുമുള്ള ഒരു പഴയ സംഭരണശാല അഭ്യാസികൾ പട്ടണത്തിന്റെ ഹൃദയഭാഗത്ത് കരസ്ഥമാക്കി. സെൻട്രൽ ബസ് ഡിപ്പോവിന്റെ അടുത്ത്, റെയിൽവേ സ്റ്റേഷനിൽ നിന്നും ഏകദേശം 3 കി.മി. അകലെയാണ് ആശ്രമം സ്ഥിതി ചെയ്യുന്നത്.

### ബാബുജി മഹരാജിന്റെ പ്രഥമ പ്രവർത്തനം

1961ൽ ബാബുജി മഹരാജ് ടിൻസുകിയ സന്ദർശിച്ചു. അക്കാലത്ത് അദ്ദേഹം ട്രെയിൻ മാർഗം യാത്ര ചെയ്ത്, ബോട്ടിൽ, ബ്രഹ്മപുത്ര നദി കടന്ന് ഈ വടക്കു കിഴക്കൻ പ്രദേശത്ത് എത്തുകയായിരുന്നു. അതിനുശേഷം, 1965, 1968, 1969, 1970, 1971, 1973, 1976, 1977 വർഷങ്ങളിൽ അദ്ദേഹം ഇവിടം സന്ദർശിച്ചു.

1977 നവമ്പർ 25-ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ ബാബുജി ഈ ആശ്രമം ഉദ്ഘാടനം ചെയ്തു. ഈ സന്ദർഭത്തിൽ നൽകിയ പ്രഭാഷണത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: “സഹജമാർഗത്തിൽ പ്രാണാഹുതിയുടെ നറുമണം സാന്നിദ്ധ്യമായുണ്ട് എന്നത് നിസ്സംശയമാണ്, പക്ഷേ സ്നേഹവും ഭക്തിയുമാണ് അവശേഷിക്കുന്നത്. ധ്യാനത്തോടൊപ്പം ഇവയും സഹജമാകണം. സാധകന് വളരെ പെട്ടെന്ന് ലക്ഷ്യമടയാനായി സഹായകമാകുമെന്നതുകൊണ്ട്, ഇവയുടെ കൂടിച്ചേരലുകളുടെ ആവശ്യകത ഊന്നിപ്പറയേണ്ടിവരികയാണ്”.

1985, 1986, 2002 വർഷങ്ങളിൽ ചാരിജി മഹരാജ് ഈ സെൻറർ സന്ദർശിച്ചു. അദ്ദേഹത്തിന്റെ 2002-ലെ ടിൻസുകിയ, ഡിഗ്ബോയ് സന്ദർശനവേളയിൽ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 700 ഓളം അഭ്യാസികൾ ഇവിടം സന്ദർശിച്ചു. ഈ ആശ്രമത്തിന്റെ രജതജൂബിലി ആഘോഷം 2002 നവമ്പർ 25-ന് ആസ്സാം, വടക്കു കിഴക്കൻ മേഖലയിലെ മറ്റു സെൻററുകൾ എന്നിവിടങ്ങളിൽനിന്നുള്ള 200 ഓളം അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ നടത്തി.

### പുനരുദ്ധാരണം

മാസ്റ്ററുടെ മുറി, അടുക്കള, ഭക്ഷണശാല, ഭംഗിയേറിയ പൂന്തോട്ടം എന്നിവയുൾപ്പെട്ട ഒരു ഒറ്റ നില കെട്ടിടമായിരുന്നു ഇവിടെയുണ്ടായിരുന്നത്. മാസ്റ്ററുടെ അനുവാദത്തോടെ ഒരു നില കൂടി ചേർത്ത് ആശ്രമം പുതുക്കി പണിതു.







വാല്യം 4 ലക്കം 5 സപ്തംബർ 2011

ശ്രീ രാം ചന്ദ്ര മിഷൻ®

എക്കോസ് ഇന്ത്യ വാർത്താപത്രിക

വളൻറിയർമാരുടെ അശ്രാന്ത പരിശ്രമവും അഭ്യാസികളുടെ സംഭാവനകളും ഈ ജോലി 18 മാസം കൊണ്ട് തീർക്കാൻ സഹായിച്ചു. ആദ്യനിലയിൽ 3600 ച.അടി വിസ്തൃതിയിൽ, തൂണുകളില്ലാത്ത, വായു സഞ്ചാരം സാധ്യമാകുന്ന ഒരു ധ്യാനഹാൾ ഉണ്ടാക്കാനായി. 2011 ഫെബ്രുവരി 2 മുതൽ മാസ്റ്ററുടെ അനുവാദത്തോടെ ഇത് ഉപയോഗിക്കുവാൻ തുടങ്ങി.

## പ്രവർത്തനങ്ങൾ

ഞായറാഴ്ച നടത്തുന്ന സത്സംഗത്തിൽ 125 ഓളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്. ടിൻസുകിയ സെൻററിലെ യുവജന പരിപാടികൾ പടിപടിയായി വളരുന്നുണ്ട്. അഭ്യാസി പരിശീലന പരിപാടികൾ, പൊതു സദസ്സ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഇവിടെ നടത്താറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഉപസെൻററുകളേയും ഉൾപ്പെടുത്താറുണ്ട്.

അഭ്യാസികളുടെ തിരിച്ചറിയൽ കാർഡുകൾ കൈകാര്യം ചെയ്യൽ, പുസ്തകവിതരണം, വടക്കു കിഴക്കൻ മേഖലയിലെ സെൻററുകളിലെ അഭ്യാസികളുടെ ഹാജർ നില രേഖപ്പെടുത്തൽ തുടങ്ങിയവയും ആശ്രമത്തിൽ നടത്തപ്പെടുന്നുണ്ട്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ മിഷൻെറ വളർച്ചയെ സഹായിക്കുവാനും ഡിഗ്ബോയ്, ഡോംഡോമ, നഹർകാട്ടിയ, ഡിബ്രുഗാർ, സിബ്സാഗർ, ജോർഹട്ട്, നസീറ, ദുലിയജാൻ, ജാഗുൻ, വടക്കെ ലക്കിമ്പൂർ തുടങ്ങിയ ഇടങ്ങളിലെ ഉപസെൻററുകളുടെ വളർച്ചക്ക് പ്രോത്സാഹനം നൽകുവാനും ഈ സെൻററിനാവുന്നുണ്ട്. ചെറിയ ആശ്രമമാണെങ്കിലും ടിൻസുകിയ വടക്കു കിഴക്കൻ പ്രദേശത്ത് മിഷൻെറ വളർച്ചക്ക് പ്രധാന പങ്ക് വഹിക്കുന്നുണ്ട്.








## പ്രിഫക്റ്റ് യാത്രാ പരിപാടി തെക്കെ കർണ്ണാടകം

തെക്കൻ കർണ്ണാടകയിലെ എല്ലാ സെൻററുകളേയും ഉൾക്കൊള്ളിച്ചു കൊണ്ട് 2011 ജൂൺ 25, 26 തിയതികളിൽ രണ്ടു ദിവസത്തെ പ്രിഫക്റ്റ് യാത്രാ പരിപാടി സംഘടിപ്പിച്ചു. ഇതിൽ വ്യക്തിഗത സിറ്റിംഗ്, കുടുംബ സംഗമം, കൂടാതെ ഒരു ഞായറാഴ്ചയിലെ മുഴുദിന പരിപാടി തുടങ്ങിയവ എല്ലാ സെൻററിലും ഒരേ സമയത്ത് നടത്തി.





ഈ പരിപാടി 58 പ്രിഫക്റ്റുമാരുടേയും സ്വയംസേവകരുടേയും സഹായത്തോടെ 32 സെൻററിൽ നടത്തി. ജൂൺ 25–ന് എല്ലായിടത്തുമായി 30 കുടുംബ സംഗമം നടത്തി. സാധനയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്യുകയും വിശദമായി വിവരിക്കുകയും ചെയ്തു. പലരും സാധന ആരംഭിക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ചു.

മുഴുദിന പരിപാടി ജൂൺ 26–ന് ഭണ്ഡാരക്കുള്ള തയ്യാറെടുപ്പിനെക്കുറിച്ചുള്ള ചോദ്യോത്തരവേളയോടെ ആരംഭിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന അഭ്യാസികളുടെ സംഭാഷണം എല്ലാവരുടെയും ആവേശകരമായ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു.

ഈ സംരംഭത്തെ എല്ലാവരും സ്വാഗതം ചെയ്യുകയും പ്രശംസിക്കുകയും തങ്ങളുടെ സംശയം നിവാരണം ചെയ്യുന്നതിന് അവസരം ലഭിച്ചതിൽ പ്രിസപ്റ്റർമാരോട് സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

സ്വയംസേവകരായ അഭ്യാസികളുടെ സമർപ്പണവും ആത്മാർത്ഥതയും ഈ പരിപാടി വിജയകരമാക്കുവാൻ സഹായിച്ചു.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.